പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1761 25.03.2013-ൽ മറുപടിയ്ക്ക്

## നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.ലൂഡി ലൂയിസ് | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. തിരുവനന്തപുരം നഗരപ്രദേശങ്ങളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിനും ജൈവവൈവിധ്യം വർദ്ധിപ്പിക്കുന്നതിനുമായി ഒരു പദ്ധതി ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) നഗരപ്രദേശങ്ങളിലെ ജലസ്രോതസ്സുകളും ജൈവവൈവിദ്ധ്യവും സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) നഗരങ്ങളിലെ ജലസ്രോതസ്സുകളും ജൈവവൈവിധ്യ വ്യവസ്ഥയും സംരക്ഷിക്കുന്നതിനായി ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ കുളങ്ങളിലെ ആവാസവ്യവസ്ഥ പോഷിപ്പിക്കുന്നതിന്റെ ഭാഗമായി തനതു മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുക, മലിനീകരണം തടയുക, കുളത്തിൽ വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുക, കളകൾ നിയന്ത്രിക്കുക, മണ്ണടിയുന്നത് തടയുക, കുളത്തിന്റെ പരിചരണത്തിന് ജനകീയ സമിതികൾ ഉണ്ടാക്കുക, ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ പ്രചരണം നടത്തുക, കുളത്തിന്റെ പരിസരങ്ങളിൽ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുക, അതിരുകളിൽ ജൈവവേലിയായി കൈത, രാമച്ചം തുടങ്ങിയവ വച്ചുപിടിപ്പിക്കുക തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) റസിഡൻസ് അസോസിയേഷനുകളെയും എൻ.ജി.ഒ.കളെയും പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) ബി.എം.സി.കളെയും, റസിഡൻ സ് അസോസിയേഷനുകളെയും, സന്നദ്ധ സംഘടനകളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ജനകീയമായി കുളങ്ങൾ സംരക്ഷിക്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

2